**<u>15 -ാം കേരള നിയമസഭ</u>**

**<u>11 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 366</u>** **<u>10-06-2024 - ൽ മറുപടിയ്ക്ക്</u>**

**<u>മഞ്ചേശ്വരം മണ്ഡലത്തിലെ എ.ഡി.എസ്., എസ്.ഡി.എഫ് പ്രവൃത്തികൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേശ്വരം മണ്ഡലത്തിലെ 2022- 23 , 2023 - 24 വർഷങ്ങളിലെ എൽ.എ.സി-എ.ഡി.എസ്.,എംഎൽഎ - എസ്.ഡി.എഫ്. പ്രവൃത്തികളിൽ ഭരണാനുമതി ലഭ്യമാകാത്തവ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തികൾക്ക് എപ്പോൾ ഭരണാനുമതി നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | (എ) | വിശാദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകാനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | വിശാദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട എഞ്ചിനീയറിംഗ് വിഭാഗം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (സി) | പ്രൊപോസൽ ലഭ്യമായ ഉടൻ തന്നെ തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ തലത്തിൽ ആസ്തി രജിസ്റ്റർ ആവശ്യപ്പെട്ടുകൊണ്ട് ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് കത്ത് നൽകിയിട്ടുണ്ട്. ആസ്തി റെജിസ്റ്റർ രേഖ , തടസ്സരഹിത ഭൂമിയും പരിശോധിച്ചു ലഭ്യമാക്കി ഭരണാനുമതി നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | എൽ.എ.സി., എ.ഡി.എസ്. പ്രവൃത്തികൾക്ക് യഥാസമയം ഭരണാനുമതി നൽകാൻ കഴിയാത്തത് എന്ത് കൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (ഡി) | എൽ.എ. സി., എ.ഡി.എസ്. പ്രവൃത്തികൾക്ക് ഭരണാനുമതി ആവശ്യപ്പെട്ടുകൊണ്ട് ലഭ്യമാകുന്ന പ്രൊപ്പോസലുകളുടെ വ്യക്തതയും കൃത്യതയും പരിശോധിച്ചു ആയതിന്റെ ഫണ്ട് ലഭ്യത കൂടി ഉറപ്പുവരുത്തിയാണ് ഭരണാനുമതി നൽകിക്കൊണ്ടുള്ള സർക്കാർഉത്തരവുകൾ പുറപ്പെടുവിച്ചു വരുന്നത്. സാങ്കേതികതലത്തിലും ഭരണതലത്തിലും മേൽപ്പറയുന്ന നടപടിക്രമങ്ങൾ പൂർത്തീകരിക്കാനുള്ള സമയം ആവശ്യമാണ്. |
| (ഇ) | എ.ഡി.എസ്., എസ്.ഡി.എഫ്. പ്രവൃത്തികൾക്ക് പ്രൊപ്പോസൽ സമർപ്പിച്ചാൽ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള കാലാവധി എത്രയാണെന്ന് വ്യക്തമാക്കുമോ? | (ഇ) | എൽ.എ. സി., എ.ഡി.എസ്. പ്രവൃത്തികൾക്ക് ഭരണാനുമതി ആവശ്യപ്പെട്ടുകൊണ്ട് ലഭ്യമാകുന്ന പ്രൊപ്പോസലുകളുടെ വ്യക്തതയും കൃത്യതയും പരിശോധിച്ചു ആയതിന്റെ ഫണ്ട് ലഭ്യത കൂടി ഉറപ്പുവരുത്തിയാണ് ഭരണാനുമതി നൽകിക്കൊണ്ടുള്ള സർക്കാർഉത്തരവുകൾ പുറപ്പെടുവിച്ചു വരുന്നത്. |

| | | | |
|---|---|---|---|
| | | | സാങ്കേതികതലത്തിലും ഭരണതലത്തിലും മേൽപ്പറയുന്ന നടപടിക്രമങ്ങൾ പൂർത്തീകരിക്കാനുള്ള സമയം ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ

2022-23

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | റിമാർക്സ് |
|---|---|---|
| 1 | കോരിത്തല റോഡ് കുമ്പള ഗ്രാമപഞ്ചായത്ത് | റോഡ് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. |
| 2 | ഷെഡിഗാദെ ക്രോസ്സ് റോഡ്കുമ്പള ഗ്രാമ പഞ്ചായത്ത് | 01.04.2024 പ്രപ്പോസൽ ലഭ്യമായത് തെരെഞ്ഞെടുപ്പ് പെരുമാറ്റചട്ടം നിലനിൽക്കുന്ന കാലഘട്ടമായതിനാൽ ഭരണാനുമതി ലഭ്യമായിട്ടില്ല. |
| 3 | പൈവളിഗെ പഞ്ചായത്ത് സ്റ്റേഡിയം നവീകരണം | PMC ടെണ്ടർ ആയതിനാൽ ടെണ്ടർ നടപടികൾ സ്വീകരിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ SILK എന്ന സ്ഥാപനത്തിന് ഭരണാനുമതി എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ 14.03.2024ന് കത്ത് അയച്ചിട്ടുള്ളതാണ്. |
| 4 | ചെറുവൽകാപ്പ് മണ്ടേകാപ്പ് റോഡ് മംഗൽപാടി ഗ്രാമ പഞ്ചായത്ത് | എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുള്ളതാണ്. പെരുമാറ്റ ചട്ടം നിലനിൽക്കുന്ന സാഹചര്യത്തിൽ ഭരണാനുമതി ലഭ്യമായിട്ടില്ല. |
| 5 | പെരിങ്ങാടി ശാസ്ത്രേശ്വര ക്ഷേത്രം റോഡ് | എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുള്ളതാണ്. പെരുമാറ്റ ചട്ടം നിലനിൽക്കുന്ന സാഹചര്യത്തിൽ ഭരണാനുമതി ലഭ്യമായിട്ടില്ല. |
| 6 | ന്യൂ സ്റ്റാർ ഗ്രൗണ്ട് റോഡ് | ഭാവി പരിപാലനം ചെയ്ത്കൊള്ളാമെന്നുള്ള പഞ്ചായത്ത് ബോർഡ് തീരുമാനവും ആസ്തി പകർപ്പും ലഭ്യമായിട്ടില്ല. |
| 7 | ദുർഗ്ഗിപള്ള ക്രോസ് ഗാന്ധി നഗർ റോഡ് | ഭാവി പരിപാലനം ചെയ്ത്കൊള്ളാമെന്നുള്ള പഞ്ചായത്ത് ബോർഡ് തീരുമാനവും ആസ്തി പകർപ്പും ലഭ്യമായിട്ടില്ല. |
| 8 | പാടലടുക്കാ ഉപ്പിനെ റോഡ് | 14/03/2024-ന് പ്രൊപ്പോസൽ ലഭ്യമായിട്ടുള്ളതാണ്. ഭാവി പരിപാലനം ചെയ്ത്കൊള്ളാമെന്നുള്ള പഞ്ചായത്ത് ബോർഡ് തീരുമാനവും ആസ്തി പകർപ്പും ലഭ്യമായിട്ടില്ല |
| | | **2023-24** |
| 1 | മധ്നടുക്ക കാവേരി കാന റോഡ് | 15.05.2024-ന് എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുള്ളതാണ്. |
| 2 | ദൊഡ്ഡമനെ മാണ്ടേൽ നടപ്പാത നിർമ്മാണം | 15.05.2024-ന് എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുള്ളതാണ്. |
| 3 | എൻ.എച്ച് 17 ബി.എസ് നഗർ റോഡ് | തടസ്സരഹിതമായ ഭൂമി ലഭ്യമായിട്ടില്ല. |
| 4 | മഞ്ചേശ്വരം GWLPS -ന്റെഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ, കമാനം, കളിസ്ഥലം നിർമ്മാണം | അന്യ വകുപ്പിന്റെ പ്രവൃത്തി നടപ്പിലാകുന്നതിനാൽ കമാന നിർമ്മാണത്തിന്റെ സ്ഥലനിർണ്ണയം നടത്താൻ സാധിച്ചിട്ടില്ല. |
| 5 | കണ്ണംകുളം മുസോഡി ജുമാമസ്ജിദ് റോഡ് | ഭൂമി ലഭ്യമായികിട്ടിയത് 25/03/2024-നാണ്. പെരുമാറ്റചട്ടം നിലനിൽക്കുന്ന കാലഘട്ടമായതിനാൽ ഭരണാനുമതി ലഭ്യമായിട്ടില്ല. |
| 6 | മണിമുണ്ട കടപ്പുറം ഹനുമാൻ നഗർ ബൈപാസ്സ് റോഡ് മംഗൽപാടി ഗ്രാമ | ഭൂമി ലഭ്യമായികിട്ടിയത് 25/03/2024-നാണ്. പെരുമാറ്റചട്ടം നിലനിൽക്കുന്ന കാലഘട്ടമായതിനാൽ ഭരണാനുമതി ലഭ്യമായിട്ടില്ല. |

| | | |
|---|---|---|
| 7 | ദേവപ്രമൂല തലകാള ജുമാമസ്ജിദ് റോഡ് മീഞ്ച ഗ്രാമ പഞ്ചായത്ത് | തടസ്സരഹിതമായ ഭൂമി ലഭ്യമായിട്ടില്ല. |
| 8 | അടക്ക മർത്യ റോഡ് | തടസ്സരഹിതമായ ഭൂമി ലഭ്യമായിട്ടില്ല. സൈറ്റ് സാഹചര്യം അനുസരിച്ച് പ്രൊപ്പോസൽ തുകയിൽ മാറ്റം വരുത്തേണ്ടത് അനിവാര്യമാണ്. |
| 9 | മുടില പൊയ്യ റോഡ് | സൈറ്റ് സാഹചര്യം അനുസരിച്ച് പ്രൊപ്പോസൽ തുകയിൽ വരുത്തിയ മാറ്റം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ടി വന്നതിനാൽ സൈറ്റ് പുനർപരിശോധന നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയത് പെരുമാറ്റച്ചട്ടം നിലനിൽക്കുന്ന കാലയളവിൽ ആയതിനാൽ കാലതാമസം നേരിട്ടിട്ടുള്ളതാണ്. |
| 10 | ബോർക്കള ലക്കിടികാട് റോഡ് | തടസ്സരഹിതമായ ഭൂമി ലഭ്യമായിട്ടില്ല. സൈറ്റ് സാഹചര്യം അനുസരിച്ച് പ്രൊപ്പോസൽ തുകയിൽ മാറ്റം വരുത്തേണ്ടത് അനിവാര്യമാണ്. |
| 11 | ചോടാല ഹരിജന കോളനി റോഡ്പുത്തിഗെ ണ്ടഗ്രാമപഞ്ചായത്ത് റോഡ് | തടസ്സരഹിതമായ ഭൂമി ലഭ്യമായിട്ടില്ല. |
| 12 | ബഡ്യപദവ് ബാബളിഗെ കുമ്പാർ റോഡ് | 14/03/2024-ന് പ്രൊപ്പോസൽ ലഭ്യമായിട്ടുള്ളതാണ്. ഭാവി പരിപാലനം ചെയ്ത്കൊള്ളാമെന്നുള്ള പഞ്ചായത്ത് ബോർഡ് തീരുമാനവും ആസ്തി പകർപ്പും ലഭ്യമായിട്ടില്ല |